# ദാമ്പത്യ മര്യാദകൾ

## വീട്കൂടുമ്പോൾ ഭാര്യയോട് അനുകമ്പ കാണിക്കുക

ഗ്രന്ഥകർത്താവ്: മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(رحمه الله)
ഗ്രന്ഥം: آداب الزفاف في السنة المطهرة
വിവർത്തനം: സയ്യിദ് സഅ്ഫർ സ്വാദിഖ്

പ്രഥമ രാത്രിയിൽ തൻെറ പുതുമണവാട്ടിക്കരികിൽ പ്രവേശിക്കുമ്പോൾ അവളോട് അനുകമ്പയും, ദയയും സന്തോഷവും പ്രകടിപ്പിക്കൽ സുന്നത്താണ്. അസ്മാബിൻത് യസീദിൻെറ ഹദീസിൽ കാണുന്നത് പ്രകാരം പാനീയമോ മറ്റുവല്ല മധുരമോ നൽകികൊണ്ട് അവളെ സന്തോഷപ്പിക്കൽ സുന്നത്താകുന്നു.

അസ്മാ(റ) പറയുന്നു:

**( إني قَينت عائشةَ لرسولِ الله صلى الله عليه وسلم ثُم جِئْته فَدعوته لجِلْوتها فَجاءَ فَجلَس إِلى جنبِها فَأُتي بِعس لَبنٍ فَشرِب ثُم ناولَها النبِي صلى الله عليه وسلم فَخفَضت رأسها واستحيا قَالَت أسماءُ فَانتهرتها وقُلْت لَها خذي من يد النبِي صلى الله عليه وسلم قَالَت فَأَخذَت فَشرِبت شيئًا ثُم قَالَ لَها النبِي صلى الله عليه وسلم أَعطي تربك قَالَـت أَسماءُ فَقُلْت يا رسولَ الله بلْ خذْه فَاشرب منه ثُم ناوِلْنِيه من يدك فَأَخذَه فَشرِب منه ثُم ناوِلَنِيه قَالَت فَجلَست ثُـم وضعته علَى ركْبتي ثُم طَفقْت أُديره وأُتبعه بِشفَتي لأُصيب منه مشرب النبِي صلى الله عليه وسلم ثُم قَالَ لِنِسـوة عندي ناوِليهِن فَقُلْن لاَ نشتهِيه فَقَالَ النبِي صلى الله عليه وسلم لاَ تجمعن جوعا وكَذبا) (أخرجه أحمد)**

(പ്രവാചകന് വേണ്ടി ഞാൻ ആഇഷാ(റ)വിനെ അണിയിച്ചൊരുക്കി, പിന്നീട് പ്രവാചക(ﷺ)യുടെയടുത്ത് ആഇഷാ(റ)വിനെ കൊണ്ട് വരുകയും ചെയ്തു, അങ്ങിനെ പ്രവാചകൻ (ﷺ) ആഇഷാ(റ)യുടെ അടുത്തിരുന്നു, തുടർന്ന് ഒരു വലിയ പാത്രത്തിൽ പാൽ കൊണ്ട്വന്നു, പ്രവാചകൻ (ﷺ) അതിൽനിന്ന് കുടിച്ച് ആഇഷാ(റ)ക്ക് നീട്ടിയപ്പോൾ ലജ്ജ കാരണത്താൽ ആഇഷാ(റ) തലതാഴ്ത്തി. അസ്മ(റ)പറയുന്നു: പ്രവാചകൻെറ കയ്യിൽ നിന്നത് വാങ്ങുകയെന്ന് പറഞ്ഞ്കൊണ്ട് ഞാൻ ആഇഷാ(റ)യെ അൽപം ദേഷ്യത്തോടെ ഉണർത്തി. ആഇഷാ(റ)പറയുന്നു: ഞാനത് വാങ്ങുകയും അൽപം കുടിക്കുകയും ചെയ്തു. പിന്നീട് നബി(സ) പറയുകയുണ്ടായി; നീ നിൻെറ കൂട്ടുകാരിക്ക് കൊടുക്കുക, അസ്മ(റ) പറയുന്നു:

ഞാൻ പ്രവാചകനോട് പറഞ്ഞു: താങ്കൾ തന്നെ എനിക്കത് വാങ്ങിതരിക, പ്രവാചകൻ അത് വാങ്ങി അൽപം കുടിച്ച് കൊണ്ട് കൊടുക്കുകയും ഞാൻ ഇരുന്നതിന്ന് ശേഷം നബി(ﷺ) കുടിച്ച ഭാഗത്തേക്ക് തിരിച്ച് ആ ഭാഗം കൊണ്ട് കുടിക്കുകയും ചെയ്തു. പിന്നീട് എൻെറയടുത്തുണ്ടായിരുന്ന സ്ത്രീകൾക്ക് കൊടുക്കുവാൻ വേണ്ടി കൽപിക്കുകയുണ്ടായി: അവർ പ്രത്യുത്തരം നൽകി ഞങ്ങൾക്ക് വേണ്ടായെന്ന്. അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾ കളവും വിശപ്പും ഒരിക്കലും യോജിപ്പിക്കരുത്' (അഹ്മദ് ഉദ്ധരിച്ചത്, ഹുമൈദി തൻെറ മുസ്നദിലും, ത്വബറാനി തൻെറ കബീറിലും, സ്വഹീറിലും ഉദ്ധരിച്ചത്)